

In the Name of Allah, The Most Gracious, The Most Merciful

# THE MESSAGE OF THE MUHYI-UD-DIN OF THIS ERA

## HAZRAT KHALIFATULLAH MUNIR A. AZIM (Atba)

## On 23-03-2008

പ്രീയ സഹോദരന്മാരെ, സഹോദരിമാരേ,

ദൈവത്തിൽ നിന്നുള്ള സമാധാനവും കാരുണ്യവും, അനുഗ്രഹങ്ങളും നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകട്ടെ.

## THE PRECARIOUS SITUATION OF THE WORLD

## ലോകത്തിൽ നിലനില്ക്കുന്ന ആപത്കരമായ അവസ്ഥാവിശേഷം

വ്യക്തികളുടെ അസാന്മാർഗ്ഗികമായ ജീവിതരീതിയും ഭൗതീകവാഞ്ചയും ഒക്കെ കൂടിചേർന്ന് ലോകം അടിയ്ക്കടി സാംസ്ക്കാരികമായി അധഃപതിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സമ്പത്ത്, അധികാരം, വിനോദം തുടങ്ങിയ പകർച്ചവ്യാധികൾ മനുഷ്യ മനസ്സിനെ കീഴടക്കിയിരിക്കുന്നു. രാജ്യാന്തരതലത്തിൽ ആയുധ ശേഖരങ്ങൾ നവീകരിക്കുന്ന തത്രപ്പാടുകളും, അധികാരിവർഗ്ഗങ്ങളുടെ സ്ഥാനം നിലനിർത്തുന്നതിനായുള്ള രാഷ്ട്രീയക്കളികളും കൂടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലും, ദാരിദ്ര്യം, സാമ്പത്തിക അസന്തുലിതവസ്ഥ, കൊള്ളാക്കൊല, സാമൂഹ്യ അരക്ഷിതാവസ്ഥ തുടങ്ങിയ പ്രശ്നങ്ങളും മിക്ക രാജ്യങ്ങളിലും നിലനില്ക്കുന്നുണ്ട്.

മനുഷ്യന്റെ ചിന്തകളിലും വിചാരങ്ങളിലും ആത്മീയതയുടെ അംശം ഇല്ലാതായതാണ് ഇത്തരം പ്രശ്നങ്ങളുടലെടുക്കുന്നതിന്റെ കാതലായ കാരണം എന്ന് വിശദമായി കാര്യങ്ങളെ അപഗ്രനഥനം ചെയ്യുമ്പോൾ വ്യക്തമാകുന്നതായി നമുക്ക് കാണാം.

## RE-ESTABLISHMENT OF THE RELATION MAN-GOD

## ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പുനഃസ്ഥാപനം

ആത്മീതയുടെ ഈ അഭാവം നികത്തുവാൻ ഒരൊറ്റ മറുമരുന്നേ നിലവിലുള്ളു-അത് ഏകദൈവാരാധനയിലേക്ക് (ഒരുപങ്കുകാരനെയും

വെക്കാതെ) മടങ്ങിപ്പോവുക എന്നത് മാത്രമാണ്. ഇതുതന്നെയാണ് എല്ലാ മതങ്ങളുടെയും അന്തഃസ്സത്തയും. ഇബ്രാഹിം (അ) മുതൽ ഈസ (അ) വരെയുള്ള പ്രവാചകശൃംഖലയിൽ വന്ന എല്ലാ പ്രവാചകശ്രേഷ്ഠന്മാരും ലോകത്തെ പഠിപ്പിച്ചതും അതുതന്നെയാണ്. എല്ലാ വേദഗ്രന്ഥങ്ങളും ഏകദൈവത്തെക്കുറിച്ചു മാത്രമാണ് പറയുന്നത്.

## WHY SO MANY RELIGIONS?

## എന്തുകൊണ്ട് ഇത്രയധികം മതങ്ങൾ?

ദൈവം ലോകത്തിന്റെ നാനാഭാഗത്തേക്കും പ്രവാചകന്മാരെ അയച്ചു. അവരുടെ സന്ദേശങ്ങൾ അവർ അയയ്ക്കപ്പെട്ട മാനവസമൂഹത്തിന്റെ ചിന്താനിലവാരത്തിന് ആനുപാതികമായിട്ടുള്ളവ ആയിരുന്നു. പക്ഷേ, ആ അധ്യാപനങ്ങൾ ഒരിയ്ക്കലും വൈവിധ്യം നിറഞ്ഞതായിരുന്നില്ല. മറിച്ച് പരസ്പരം പൂരകങ്ങൾ ആയിരുന്നു.

പക്ഷേ, കാലത്തിന്റെ കുത്തൊഴിക്കിൽപ്പെട്ട ഈ സന്ദേശങ്ങൾക്ക് മൂല്യച്യൂതി സംഭവിച്ചു. അവതരിയ്ക്കപ്പെട്ട കാലഘട്ടത്തിൽ പരിശുദ്ധമായി നിന്ന വേദഗ്രന്ഥങ്ങൾ കാലക്രമേണ വ്യാഖ്യാനിയ്ക്കപ്പെട്ടതിൽ വന്ന പോരായ്മകൾ കാരണമാണ് ഇങ്ങനെ ആയിത്തീർന്നത്. അതോടൊപ്പം എടുത്തുപറയേണ്ട മുഖ്യമായ ഒരു കാര്യം, വേദഗ്രന്ഥങ്ങളുമായി, അത് പഠിപ്പിക്കുവാനായി, വന്ന പ്രവാചകന്മാരെ, അതാത് കാലഘട്ടത്തിലെ ജനവിഭാഗങ്ങൾ ദൈവതുല്യരാക്കി മാറ്റി, ഇവയൊക്കെ കാരണമായിട്ടാണ് ഇത്രയധികം മതവിഭാഗങ്ങൾ നമ്മുടെ സമൂഹത്തിൽ ഉടലെടുത്തത്.

## THE UNITY OF ALL RELIGIONS

## സർവ്വമതങ്ങളുടെയും ഐക്യം

അഭിപ്രായ ഭിന്നത നിറഞ്ഞ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന വിവിധ മതങ്ങൾ നിലവിലുള്ള ഒരു സാഹചര്യത്തിൽ ഒരു യോജിപ്പിന് ആത്യന്തികമായി ഒരു വഴിയും കാണുന്നില്ല. അതിനാലാണ് ഒരേയൊരു മതവും ഒരേയൊരു വേദഗ്രന്ഥവും മാത്രം നിലനില്ക്കുന്ന ഒരു പദ്ധതിയെപ്പറ്റി ദൈവം മുൻകൂട്ടി കണ്ടതും അതിനുള്ള വഴിയൊരുക്കൽ നടത്തിയതും. അങ്ങനെ ലോകം അത്തരമൊരു അവസ്ഥയ്ക്ക് പാകപ്പെട്ട വേളയിൽ–മനുഷ്യനിൽ അത്തരം ഒരു വളർച്ചയ്ക്ക് അവന്റെ ഗ്രഹണശേഷി പാകപ്പെടുമ്പോൾ–ദൈവം ഒരു ആഗോളപ്രവാചകനെ എഴുന്നേല്പിക്കുകയും,

അദ്ദേഹത്തിലൂടെ മനുഷ്യർക്കാവശ്യമായ പൂർണ്ണമായ നിയമങ്ങൾ അവരെ പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. ആ പ്രവാചകനാണ് മുഹമ്മദ് നബി (സ) (570-632 AD) അദ്ദേഹത്തിലൂടെ ലോകത്തിനു ലഭിച്ച നിയമഗ്രന്ഥമാണ് പരിശുദ്ധഖുർആൻ.

## MUHAMMAD IN THE BIBLE

## മുഹമ്മദ് (സ) ബൈബിളിൽ

മൂസാ നബി (അ)യും, ഈസാ നബി(അ)യും മുഹമ്മദ് നബി(സ)യുടെ ആഗമനത്തെപ്പറ്റി പ്രവചിച്ചിരുന്നു. പഴയനിയമത്തിൽ ദൈവം മൂസ(അ)യോട് അരുളിയിരിക്കുന്നു.

ഞാൻ അവരുടെ സഹോദരങ്ങളിൽ (അവർക്കിടയിൽ അല്ല) നിന്നെ പോലെയുള്ള ഒരു പ്രവാചകനെ അയയ്ക്കും. അദ്ദേഹം എന്റെ വചനങ്ങൾ ഞാൻ നിർദ്ദേശിയ്ക്കുന്നതുപോലെ അവർക്ക് പഠിപ്പിച്ചുകൊടുക്കും. എന്റെ നാമം ഉച്ചരിച്ചുകൊണ്ട് അദ്ദേഹം അവർക്ക് പകർന്നു നല്കുന്ന അധ്യാപനങ്ങൾ ആരെങ്കിലും അനുസരിച്ചില്ലാ എങ്കിൽ അവർ എന്റെ മുന്നിൽ കണക്കുബോധിപ്പിക്കേണ്ടി വരും. (Deuteronomy 18:18)

ബൈബിളിൽ ഈസാ (അ) പറഞ്ഞു; ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തുമാറ്റുകയും അത് മറ്റൊരു ജനതക്ക് (ജൂതർക്കല്ല) നല്കപ്പെടുകയും ചെയ്യും. ഈ വാദങ്ങളെപ്പറ്റി ആലോചിക്കുവാൻ, അപഗ്രന്ഥനം നടത്തുവാൻ ഞങ്ങൾ ആദരപൂർവ്വം നിങ്ങളോട് ആവശ്യപ്പെടുകയാണ്. മർയമിന്റെ മകൻ ഈസാ, മുൻകടന്നുപോയ മറ്റെല്ലാ പ്രവാചകന്മാരെ പോലെ പരിശുദ്ധനായ, ഒരു മഹാത്മാവ് ആയിരുന്നു.

## SECOND COMING OF JESUS

## ഈസാനബി(അ)യുടെ രണ്ടാം വരവ്

യേശുവിന്റെ /ഈസാ നബി(അ)യുടെ രണ്ടാം വരവിനെ കുറിച്ച് എന്താണ് കരുതിയിരിക്കുന്നത്?

മിർസാഗുലാം അഹ്മദ് (1835-1908) (അ)യിലൂടെ യേശുവിന്റെ (ഈസാ നബി (അ)യുടെ രണ്ടാം വരവ് പൂർത്തിയായിരിക്കുകയാണ്. ഈസാനബി(അ)തന്റെ ജീവിതകാലത്തു തന്നെ ഒരു പ്രവാചകന്റെ രണ്ടാം വരവ് എന്നത് അക്ഷരാർത്ഥത്തിൽ എടുക്കേണ്ട സംഗതിയല്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്.

ജീൻ-ബാപിസ്റ്റ്-ന്റെ ആഗമനം ഏലിയാ പ്രവാചകന്റെ രണ്ടാം വരവാണ് എന്ന് അദ്ദേഹം വിശദമാക്കുകയുണ്ടായി. ആ ഏലിയാ പ്രവാചകന്റെ വരവിനെയാണ് യഹൂദികൾ ഇപ്പോഴും കാത്തിരിക്കുന്നത്.

## REAPPARITION OF A MESSENGER OF GOD IN THE BHAGAVAD GITA OF THE HINDUS

## ഹൈന്ദവ മതത്തിലെ ഭഗവദ്ഗീതയിൽ ദൈവീക ദൂതന്റെ ആവിർഭാവം സംബന്ധിച്ച സൂചനകൾ

ജനങ്ങളിൽ നിന്നും വിശ്വാസം നഷ്ടപ്പെടുകയും, ലോകത്ത് മതഭ്രാന്ത് കളിയാടുകയും ചെയ്യുന്ന സമത്ത് ഞാൻ അവതാരം എടുക്കും. നീതിമാൻമാരെ സംരക്ഷിക്കുന്നതിനും, തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കുന്നതിനും, അതുവഴി മതത്തെ (ദൈവീക സത്യത്തെ) പുനഃരുദ്ധരിക്കുന്നതിനും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത് (അധ്യായം 4, ഭഗവദ്ഗീത)

ഗീതയിലെ അധ്യായം 12ൽ ഇപ്രകാരം കാണുന്നു; കലിയുഗാവസാനം, ലോകത്ത് പാപങ്ങൾ വർദ്ധിക്കും, മതത്തെ രക്ഷിക്കുന്നതിനായി നാരായണൻ പുനഃരവതിരിക്കും,അനേകം അടയാളങ്ങൾ അതിനായി പൂർത്തിയായിട്ടുണ്ട്.

കലിയുഗാന്ത്യത്തിൽ, ലോകത്ത് കുറ്റകൃത്യങ്ങളും, തെറ്റുകളും പെരുകുമ്പോൾ വിശ്വാസ സംരക്ഷണാർത്ഥം കൃഷ്ണൻ കല്കിയായി അവതരിക്കുന്നതാണ്.

(ശ്രീമദ് ഭഗവദ് ഗീത അഷ്കന്ദ് 12,പേജ് 623)

## MANIFESTATION OF THE MESSIAH IN OTHER HINDU BOOKS

## ഹൈന്ദവ ഗ്രന്ഥങ്ങളിൽ മസീഹിനെപ്പറ്റിയുള്ള ദൃഷ്ടാന്തങ്ങൾ

1. 1899 ജൂലായ് 8-ാംതീയതിയിൽ പ്രസിദ്ധീകരിച്ച **TRIBUNE** ദിനപ്പത്രത്തിൽ ഒരു പ്രശസ്തനായ ഹൈന്ദവ ജ്യോതിഷി ഇപ്രകാരം തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായി.
   ജ്യോതിശാസ്ത്ര ഗവേഷണമനുസരിച്ച് 1900-ൽ മുഴുലോക ജനതയ്ക്കുമായി ഒരു പ്രവാചകൻ ആഗതനാകും. അദ്ദേഹം തന്റെ പ്രവൃത്തികളിൽ മിശിഹായെ അനുസ്മരിപ്പിക്കും.
2. അഥർവ്വവേദം, കാണ്ഠം 2, സൂക്തം 50, മന്ത്രം 1-2 ൽ ഇങ്ങനെ പറ

ഞ്ഞിരിക്കുന്നു.

മനുഷ്യമനസ്സുകളിൽ വിശ്വാസം (ഭക്തി) ഊട്ടിയുറപ്പിക്കുന്ന ഇദ്ദേഹം ആരാണ്? സ്തുതിക്കുന്നവർ സ്വർഗ്ഗത്തിന്റെ അനന്തരാവകാശികളല്ലേ? സത്യാന്വേഷികൾ ഭൂമിയെ പ്രകാശിപ്പിക്കുന്ന ആ ഋഷിവര്യനെപ്പറ്റി സ്വയമന്വേഷിക്കുക. അല്ലയോ പ്രവാചകരേ, അങ്ങ് എപ്പോഴാണ് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളിലേക്ക് വരിക?

ഈ സൂക്തങ്ങൾ ചൂണ്ടിക്കാട്ടുന്നത് ഒരു ഋഷിയുടെ (പ്രവാചകന്റെ) ആഗമനത്തെപ്പറ്റിയാണ്. ആത്മീയ പുരോഗതിയ്ക്കും , അദ്ദേഹത്തിൽ നിന്നുള്ള അനുഗ്രഹലബ്ധിയ്ക്കും വേണ്ടിയുള്ള അർത്ഥനയാണ് ഇതിൽ ദർശിതമാകുന്നത്.

3. ബാബാ ഗുരുനാനാക് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഇന്ത്യയിൽ മുഗൾ ഭരണാധികാരികൾ **(Vikram Era)** 1578 മുതൽ 1897 വരെ ഭരിയ്ക്കും. ശേഷം അവിടെ ഒരു പരിഷ്കർത്താവ് അവതാരമെടുക്കും.

4. ബിബാലയുടെ ജനംസാഖി പേജ് 272-ൽ ഇപ്രകാരം വായിക്കാം.

20-ാംനൂറ്റാണ്ട് അടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോഴും ഹൈന്ദവർ കാത്തിരിയ്ക്കുന്നു.

## IN ISLAMIC LITERATURE

## ഇസ്ലാമിക സാഹിത്യങ്ങളിൽ

1. ഇസ്ലാം മതത്തിന് സാരമായ ഇടിവ് ആയിരം വർഷങ്ങൾക്കു ശേഷം ഉണ്ടാകുന്ന ഒരു സമയത്തെപ്പറ്റി വിശുദ്ധഖുർആൻ വിശദമാക്കുന്നു.

അവൻ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് (തന്റെ)കല്പനകൾ നിയന്ത്രിച്ച് അയക്കുന്നു. പിന്നീട് അത് (കല്പനകൾ) ഒരു നിശ്ചിത കാലയളവിൽ അവന്റെയടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതുനസരിച്ച് (ആ കാലഘട്ടത്തിന്റെ)ദൈർഘ്യം ആയിരം കൊല്ലമാണ് (സൂറഅസ്സജദ 32:6)

2. തിരുനബി (സ) പറഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ ക്ഷയം തന്റെ ആഗമനകാലഘട്ടത്തിനു ശേഷം മൂന്നുറു വർഷം പൂർത്തിയാകുമ്പോൾ തുടങ്ങും.

അത് എന്റെ കാലഘട്ടത്തിൽ ഏറ്റവും അഭിവൃദ്ധി പ്രാപിക്കും. രണ്ടാം ഘട്ടവും, മൂന്നാം ഘട്ടവും നന്നായി നടക്കും. അതു കഴിയുമ്പോഴേക്കും സമൂഹത്തിൽ കള്ളങ്ങൾ കൂടും, തെറ്റായ ആചാരങ്ങൾ പെരുകും. സത്യം അപ്രത്യക്ഷമാകും, ക്രൂരത, ധൂർത്ത്, പക്ഷാഭേദം, വിഭജനം, സമൂഹത്തിന്റെ വിവിധതട്ടുകൾക്കിടയിലെ വ്യത്യാസങ്ങൾ തുടങ്ങിയവ വർദ്ധിക്കും.

3. മുഹമ്മദ് നബി(സ) സൽമാനുൽഫാരിസി എന്ന സഹാബിയുടെ ചുമലുകളിൽ കൈവച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഇസ്ലാം മതം സുരയ്യാ നക്ഷത്രത്തോളമെത്തുമ്പോൾ ഇദ്ദേഹത്തിന്റെ തലമുറയിൽപ്പെട്ട ഒരാൾ അതിനെ തിരികെക്കൊണ്ടു വരുന്നതാണ്.

(ബുഖാരി : കിത്താബുൽ താഫ്സീർ)

അതായത്, ഭൂമിയിൽ ഇസ്ലാമിന് വൃദ്ധിക്ഷയം സംഭവിക്കുന്ന വേളയിൽ പേർസ്യൻ വംശജനായ ഒരാളിലൂടെ ഇസ്ലാമിനെ മനുഷ്യഹൃദയങ്ങളിലേക്ക് തിരികെ എത്തിക്കും.

4. തിരുനബി(സ) പറഞ്ഞതായി ഒരു ഹദീസിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

അദ്ദേഹം എന്റെ സമുദായത്തിൽ നിന്നുള്ള ഒരു വ്യക്തി ആയിരിക്കും.
(ഹുജജുൽ കറാമ പേജ് 362)

5. തിരുനബി (സ) അരുളി
മഹ്ദി എന്റെ വിശ്വാസത്തെ മുറുകെ പിടിക്കുന്ന ആൾ ആയിരിക്കും.
ഹസ്രത്ത് അബൂബക്കർ സിദ്ദീഖ്(റ) വിശദമാക്കിയിരിക്കുന്ന ഇമാറത്ത് എന്നത് വിശ്വാസത്തെ സൂചിപ്പിക്കുന്നു. ഓരോ വിശ്വാസിയും ഹസ്രത്ത് മുഹമ്മദ് (സ)യുടെ വിശ്വാസപരമ്പരയിൽപ്പെട്ട ആളാകുന്നു.

6. ലോകമുസ്ലിംകൾ ഐക്യകണ്ഠേന അംഗീകരിക്കുന്ന വസ്തുതയാണ്. നൂറ്റാണ്ടിന്റെ അവസാന ശതകത്തിൽ ഒരു പരിഷ്കർത്താവ് വരും എന്നത്. തിരുനബി(സ)യുടെ കാലഘട്ടം മുതൽ ഒരു വിശ്വാസിയും (മുസ്ലിമും) അതിനെ എതിർത്തിരുന്നില്ല. മറിച്ച്

ഒരു പരിഷ്ക്കർത്താവ് വരണം എന്നതിനെ അനുകൂലിക്കുന്നു. ആ മഹാത്മാവിന്റെ ആഗമനത്തിനായി മുസ്ലിംകൾ ഇപ്പോഴും കാത്തിരിക്കുകയാണ്.

അല്ലാഹു(ത)യുടേയും, തിരുനബി (സ)യുടേയും വചനങ്ങൾ സഫലമായി. അല്ലാഹു(ത) നമുക്ക് ആ മഹാത്മാവിനെ തിരിച്ചറിഞ്ഞ് അംഗീകരിക്കുന്നതിനുള്ള ഭാഗ്യം നല്കി അനുഗ്രഹിച്ചിരിക്കുന്നു. സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു.

7. മസീഹ് (അ) പറഞ്ഞിരിക്കുന്നു:

മസീഹിന്റെ വരവ്, കാലഘട്ടം തിരിച്ചറിയും, മറ്റാരും അറിയുകയുമില്ല. ഞാൻ ഇക്കാര്യം (മസീഹ് ആണെന്ന സത്യം) പ്രഘോഷിച്ചിട്ടില്ലായെങ്കിൽ മറ്റൊരാൾ തീർച്ചയായും വന്നേനെ.
അല്ലാഹുവിനെ ഭയക്കുന്ന ഒരുവന്, ഒരടയാളം തന്നെ മതിയായതാണ്. (ദുരെ-യെ-സമീൻ)

## JAMAAT UL SAHIH AL ISLAM
## ജമാഅത്തുസ്സഹീഹിൽ ഇസ്ലാം.

രണ്ടാം മസീഹിന്റെ വരവിനു ശേഷം, നമ്മൾ ജീവിക്കുന്ന ഈ കാലത്ത്, ഏകദൈവാരാധനയിലൂന്നിയ ഒരു നവലോകസൃഷ്ടിയ്ക്കായി അല്ലാഹു തന്റെ ദൂതനെ നിയുക്താധികാരിയായി നിയമിക്കുകയുണ്ടായി. അല്ലാഹു എന്നെന്നും നിലനില്ക്കുന്നവനത്രെ. അവൻ മുൻകടന്നുപോയ തന്റെ ദാസന്മാരോട് സംസാരിച്ചിരുന്നവനും, തന്റെ തെരെഞ്ഞെടുക്കപ്പെടുന്ന ദാസന്മാരോട് ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്നവനും അന്ത്യവിധിനാൾവരെ തന്റെ വിധിന്യായമനുസരിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നവനുമത്രേ.

നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടം മൂല്യച്യുതിയുടെ കാലഘട്ടമാണ്. അധാർമ്മികത നമ്മുടെ ലോകത്തെ വലയം ചെയ്തിരിക്കുന്നു. ദൈവീകാസ്തിത്വത്തിൽ നിന്ന് ജനങ്ങളുടെ വിശ്വാസം അകന്നുപോയിരിക്കുന്നു. ശാശ്വതവും, മോഹനവുമായ പാരത്രിക ജീവിതത്തിനു പകരം നൈമിഷികമായ ആലങ്കാരികതകൾ നിറഞ്ഞ ഭൗതിക ജീവിതത്തെ അവർ മുറുകെപ്പിടിച്ചിരിക്കുന്നു.

2001ൽ അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ഭക്തദാസനായ മുനീർ

അഹ്മദ് അസീമിനെ തന്റെ ദിവ്യതേജസ്സുകൊണ്ട് വലയം ചെയ്തു. ദിവ്യ വെളിപാട് നല്കി ബഹുമാനിക്കുകയും ചെയ്തു. 2003ൽ, നിരന്തരമുള്ള കഠിനമായ പീഢനങ്ങൾ സഹിക്കേണ്ടി വരുന്നതിനാൽ, അല്ലാഹു(ത) തന്റെ ഭക്തദാസനോട് സ്വന്തമായി ഒരു വിശ്വാസി സംഘത്തിനു രൂപം നല്കാൻ കല്പിക്കുകയുണ്ടായി. ഈ വിശ്വാസി സംഘം, ലോകത്തിലെ തന്നെ ഏറ്റവും പരിപൂർണ്ണ മതമായ ഇസ്ലാമിനകത്തുള്ളതും, ദൈവഭക്തരായ ദാസന്മാരെ ഒരുമിപ്പിക്കുന്നതിനും, അവർക്ക് ശരിയായ മാർഗ്ഗദർശനം നല്കുന്നതിനു വേണ്ടിയുള്ളതുമാകുന്നു.

അങ്ങനെ 2003 മെയ് 8-ാംതീയതി ജമാഅത്ത് അഹ്മദിയ അൻ മുസ്ലിമീൻ രൂപീകരിക്കുകയുണ്ടായി. ഈ പേര് അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ഒന്നും, ശരിയായ മാർഗ്ഗദർശനം പിന്തുടരണമെന്നുള്ളവർക്ക് എല്ലാവർക്കും വേണ്ടിയുള്ളതും ആണ്.

2003-ന്റെ പ്രാഥമികദശയിൽ തന്നെ, അല്ലാഹു (ത) ഈ ഭക്തദാസനെ അമീറുൽ മുഅ്മിനീൻ (വിശ്വാസികളുടെ നേതാവ്) എന്ന പദവിയിലേക്ക് തെരെഞ്ഞെടുത്തു. 2003 ജൂലൈ 6നും, ഡിസംബർ 26നും ലഭിച്ച വെളിപാടുകളിലൂടെ അല്ലാഹു ഹസ്രത് (ശ്രേഷ്ഠൻ) മുഹ്യ്ദ്ദീൻ (ദീനിനെ പരിഷ്ക്കരിക്കുന്ന വ്യക്തി) എന്നീ പദവികൾ നല്കി ആദരിക്കുകയും ചെയ്തു.

അല്ലാഹു തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസന്റെ കരങ്ങളെ എല്ലാ അവസരങ്ങളിലും മുറുകെപ്പിടിച്ചു. അൽഹംദുലില്ലാഹ് അതോടൊപ്പം സഹായിയായി, തന്റെ ആത്മീയ സഹോദരൻ ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുക്കറം സഫറുല്ലാഹ് ഡൊമീൻ സാഹിബിനെ ഖലീലുള്ളാഹ് (അല്ലാഹുവിന്റെ ആത്മാർത്ഥ സുഹൃത്ത്) ആയി നിശ്ചയിച്ചു നല്കുകയും ചെയ്തു. അടിയുറച്ച വിശ്വാസി ആയിരുന്നതിനാൽ സഫറുല്ലാഹ് ഡൊമീൻ സാഹിബിനും ദിവ്യവെളിപാടുകൾ ലഭിയ്ക്കുകയും അല്ലാഹു അദ്ദേഹത്തെയും ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്യ്ദ്ദീൻ മുനീർ അഹ്മദ് അസീമിന്റെ സമാനപദവിയിലേക്ക് ഉയർത്തുകയും ചെയ്തു. അങ്ങനെ ഈ രണ്ട് ആത്മാർത്ഥ സുഹൃത്തുക്കൾ അല്ലാഹുവിൽ നിന്നുള്ള സുവാർത്ത വഹിക്കുന്നവരും, നേർമാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരുമായി വർത്തിച്ചു വന്നു.

# INVITATION

## അല്ലാഹുവിലേക്കുള്ള ക്ഷണം

അനന്തമായി കാത്തിരിയ്ക്കരുത്. അല്ലാഹു ശാശ്വതമായി നിലനില്ക്കുന്നവനും, താൻ സർവ്വലോകവും ചൂഴ്ന്നു നില്ക്കുന്നവനാണെന്നും, ദൂതന്മാരെ മാർഗ്ഗദർശനം നല്കുന്നതിനായി തെരെഞ്ഞെടുത്ത് അയയ്ക്കുന്നതിലൂടെ, വെളിപ്പെടുത്തിത്തരുന്നവനുമത്രേ.

അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനം നേടി ജീവിതം നയിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിയ്ക്കുന്ന എല്ലാവർക്കും അവനിൽ നിന്നുള്ള അദമ്യമായ സ്നേഹപരിലാളനകൾ ലഭ്യമാകുന്നതാണ്.

രണ്ടാം മിശിഹ (മസീഹ്)യായ ഹസ്രത് മിർസാം ഗുലാം അഹ്മദ് (അ)ന്റെയും ഈ നൂറ്റാണ്ടിലെ മുഹ്യ്ദ്ദീൻ ആയ ഹസ്രത് മുനീർ അഹ്മദ് അസീം(അ)ന്റെയും നേതൃത്വത്തിൻ കീഴിൽ അണിചേരുവാൻ നിങ്ങൾ ഓരോരുത്തരേയും ക്ഷണിക്കുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെപറ്റിയും, അതിന് ദൈവീകതലത്തിൽ ലഭ്യമായ സ്ഥനത്തെപ്പറ്റിയും നിങ്ങൾക്ക് അറിയേണ്ടതെല്ലാം തന്നെ പകർന്നു നല്കുന്നതിൽ ഞങ്ങൾ അങ്ങേയറ്റം സന്തോഷമുള്ളവരാണ്.

കൂടുതൽ വിവരങ്ങൾക്ക്

**JAMAAT UL SAHIH AL ISLAM**
GENERAL P.O. BOX 599, PORT LOUIS (**New Address:** 31, Morc. Gowreesunkur, Petit-Raffray)
REPUBLIC OF MAURITIUS
Email:muhyiuddin@jamaat-ul-sahih-al-islam.com
****

**മുനീർ അഹ്മദ് അസീം**
**മൗറിഷ്യസ്**
**23 മാർച്ച് 2008**



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***